GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**Press Release**

PR.82/2026 29.07.2026

## കേരളകർഷകൻ ഓണപ്പതിപ്പ്  പ്രകാശനം.




ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കേരള കർഷകന്റെ 2026 ഓഗസ്റ്റ് ഓണപ്പതിപ്പിന്റെ ആദ്യപ്രതി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് പ്രകാശനം ചെയ്യുന്നു.

**മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർ സാജു കെ. സുരേന്ദ്രൻ, ഐ.ഇ.എസ്., കൃഷിവകുപ്പ് മാർക്കറ്റിംഗ് അഡീഷണൽ ഡയറക്ടർ സിന്ധു എസ്. എന്നിവർ സമീപം.**

തിരുവനന്തപുരം: ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കാർഷിക മാസികയായ കേരള കർഷകൻ 2026 ഓഗസ്റ്റ് ഓണപ്പതിപ്പ് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് സെക്രട്ടേറിയറ്റിൽ പ്രകാശനം ചെയ്തു. മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർ സാജു കെ. സുരേന്ദ്രൻ, ഐ.ഇ.എസ് , കൃഷിവകുപ്പ് മാർക്കറ്റിംഗ് അഡീഷണൽ ഡയറക്ടർ സിന്ധു എസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായി.

ഓണത്തോടനുബന്ധിച്ച് കേരളത്തിന്റെ കാർഷിക സമൃദ്ധിയും കർഷകരുടെ ഉത്പാദന മികവും പുതിയ ഫലവൃക്ഷ വിളകളുടെ കാർഷിക സാധ്യതകളും പ്രമേയമാക്കി തയ്യാറാക്കിയതാണ് ഓഗസ്റ്റ് ലക്കം. ഓണവിപണിക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുക്കിയിട്ടുള്ള കൃഷികൾ, നെൽകൃഷിയിലെ മാതൃകാപരമായ ഇടപെടലുകൾ, ഫലവർഗ കൃഷിയുടെ പുതിയ സാധ്യതകൾ, പച്ചക്കറി ഉൽപ്പാദനം, ഹോംഗാർഡൻ, വാണിജ്യകൃഷി, വനിതാ കാർഷിക സംരംഭങ്ങൾ, കാർഷിക സംരംഭകരുടെ വിജയകഥകൾ എന്നിവ ഉൾപ്പെടെ കർഷകർക്കും കാർഷിക സംരംഭകർക്കും പ്രയോജനപ്പെടുന്ന വൈവിധ്യമാർന്ന ലേഖനങ്ങൾ ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, സുരക്ഷിത ഭക്ഷ്യോൽപ്പാദനം, മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങൾ, ഫലവർഗ കൃഷിയുടെ വ്യാപനം, ഹൈടെക് പച്ചക്കറി ഉൽപ്പാദനം, വീട്ടുവളപ്പിലെ കൃഷിരീതികൾ എന്നിവയെക്കുറിച്ചുള്ള വിദഗ്ധരുടെ പ്രായോഗിക നിർദേശങ്ങളും ഓഗസ്റ്റ് ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയ കാർഷിക അറിവുകളും സർക്കാർ പദ്ധതികളും കർഷകരുടെ വിജയാനുഭവങ്ങളും വായനക്കാരിലേക്ക് എത്തിക്കുന്നതിൽ കേരള കർഷകൻ സുപ്രധാന പങ്കുവഹിച്ചുവരികയാണെന്നും ചടങ്ങിൽ വിലയിരുത്തി. കഴിഞ്ഞ 72 വർഷമായി സർക്കാർ തലത്തിൽ കൃഷിവകുപ്പ് പ്രസിദ്ധീകരിച്ചു വരുന്ന ഏറ്റവുമധികം പ്രചാരമുള്ള മാസികയാണ് കേരളകർഷകൻ.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

**ഫാം ഇൻഫർമേഷൻ ബ്യൂറോ**